# കൊയ്നൊനിയ

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

ജൂലായ് ആഗസ്റ്റ് സെപ്റ്റംബർ 2018

Private circulation only | Book No.10


# സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ ആഗസ്റ്റ് 13 നു കൊടിയേറി 15 നു സമാപിച്ചു






ഇടവകയിൽ പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപിത തിരുനാളിനു 13 നു ഇടവക വികാരി ജോസ് ദിലീപ് അച്ചൻ കൊടി ഉയർത്തി. 14 നു വൈകുന്നേരം 6 നു ജപ മാല, ലിറ്റിനി തുടർന്ന് മാത്യു മുക്കാലയിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വില്ലാപ ാദുവ സുപ്പീരിയർ സാജൻ ജോസഫ് അച്ചൻ വചനസന്ദേശം നൾകികൊണ്ട് സന്ധ്യാവന്ദന പ്രാർത്ഥനയും തുടർന്ന് പ്രദക്ഷിണവും നടന്നു. 15 നു രാവിലെ ആൽബി അലക്സ് കപ്പൂച്ചിൻ അച്ചൻ വചനസന്ദേശം നൾകികൊണ്ടും ആര്യനാട് ആശ്രമ സുപ്പീരിയർ ഷൈജൻ ആന്റണി കപ്പൂച്ചിൻ അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരുനാൾ സമൂഹബലിയും തുടർന്ന് പായസ വിതരണവും നടന്നു.

## ആഗസ്റ്റ് 14 വിശുദ്ധ അന്തോനീസിന്റെ ജനന തിരുനാൾ

ഇടവകയിൽ ആഗസ്റ്റ് 14 ചൊവ്വ വിശുദ്ധ അന്തോനീസിന്റെ ജനന തിരുനാൾ ആഘോഷിച്ചു. രാവിലെ 10 30 ന് ജപമാല നൊവേന ആരാധന തുടർന്ന് പ്രത്യേക ദിവ്യബലിയും അർപ്പിച്ചു.തുടർന്ന് വിശുദ്ധ അന്തോനീസിനെ നാമം ആലേഖനം ചെയ്ത ബർത്ത് ഡേ കേക്ക് കട്ട് ചെയ്യുകയും എല്ലാവർക്കും നൽകുകയും ചെയ്തു.

## ദേശീയ പതാക ഉയർത്തി



ഓഗസ്റ്റ് 15ന് രാവിലെ ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകവികാരി ജോസ് ദിലീപ് അച്ചൻ ദേശീയപതാക ഉയർത്തുകയുണ്ടായി.

# ലോഗോസ് ക്വിസ് ഇടവകതലത്തിൽ



ഇടവകയിലെ മതബോധന സമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ആറ് ആഴ്ചകളിലായി ചോദ്യപേപ്പറുകൾ തയ്യാറാക്കി ഇടവക അംഗങ്ങൾക്ക് നൽകുകയും തുടർന്ന് എല്ലാ ആഴ്ചയും ശരിയുത്തരങ്ങൾ നൽകിയവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. റാണി, അഞ്ജലി, അനഘ, അലൻ ജെ പ്രേമൻ, എബി, ജിത്തു എന്നിവരാണ് സമ്മാനങ്ങൾ നേടിയവർ. തുടർന്ന് യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം സെൻറ് മേരിസ് യൂണിറ്റും രണ്ടാം സ്ഥാനം സെൻറ് അൽഫോൺസ് യൂണിറ്റും മൂന്നാംസ്ഥാനം സെൻറ് സെബാസ്റ്റ്യൻ യൂണിറ്റും, നാലാം സ്ഥാനം സെൻറ് ജോസഫ് യൂണിറ്റും സെൻറ് മൈക്കിൾസ് യൂണിറ്റ്, അഞ്ചാംസ്ഥാനം സെൻറ് ആൻറണീസ് യൂണിറ്റും നേടി.

# ഫെറോന മതബോധന സമിതി ഇടവകയിൽ

വലിയതുറ ഫെറോന മതബോധന സമിതി ഇടവകയിലെ മതബോധന ക്ലാസുകൾ ജൂലൈ മാസം സന്ദർശിക്കുകയും വിലയിരുത്തുകയും ചെയ്തു . ക്ലാസുകളിലെ സന്ദർശനത്തിനുശേഷം ഇടവകവികാരിയുടെയും മതബോധന അധ്യാപകരുടെയും സാനിധ്യത്തിൽ സന്ദർശന റിപ്പോർട്ട് അവതരിപ്പിച്ചു . മതബോധനകളാസ്സുകൾ നല്ല നിലവാരം പുലർത്തുന്നു എന്ന് ഫെറോന സമിതി അഭിപ്രായപ്പെട്ടു . ഹെഡ് മാസ്റ്റർ ജോളിമസ് ഏവർക്കും നന്ദിപറഞ്ഞു .



## കുട്ടികൾ ആദ്യ കുർബാന സ്വീകരിച്ചു



ഓഗസ്റ്റ് 15ന് പരലോക മാതാവിൻറെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ ആറോളം കുട്ടികൾ ഒരുമിച്ച് ആദ്യ കുർബാന സ്വീകരിച്ചു

## പ്രളയബാധിതർക്ക് ഇടവകയുടെ സഹായം



കേരളത്തെ നടുക്കിയ ജലപ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കായി ഇടവകയിൽ നിന്ന് അവശ്യസാധനങ്ങൾ ശേഖരിച്ച് നൽകുകയുണ്ടായി. ഇടവകയിലെ ആറ് യൂണിറ്റുകളിൽ നിന്നും യുവജനങ്ങൾ ശേഖരിച്ച് സാധനങ്ങൾ ഫെറോനാ നേതൃത്വം വഴി രൂപതയിൽ എത്തിച്ചുകൊടുത്തു.

## കുട്ടികൾക്കായി ലോഗോസ് ക്വിസ്



കുട്ടികളിൽ ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചൈൽഡ് പാർലമെൻറിലെ കുട്ടികൾക്കായി ലോഗോസ് ക്വിസ് മത്സരങ്ങൾ നടത്തുകയുണ്ടായി.

## രോഗിക്ക് സാമ്പത്തിക സഹായവുമായി ലിറ്റിൽ ബോയ്



ഇടവകയിലെ ചാരിറ്റബിൾ സംഘടനയായ ലിറ്റിൽ ബോയ് ജൂലൈ മാസം മണികണ്ഠൻ എന്ന ഒരു പാവപെട്ട കാൻസർ രോഗിക്ക് ചികിത്സ സഹായമായി പതിനായിരം രൂപ നൽകുകയുണ്ടായി . ഇടവക വികാരി ദിലീപ് അച്ചനും പാരിഷ് കൗൺസിൽ അംഗങ്ങളും ലിറ്റിൽ ബോയ് വോളന്റീർമാരുടെയും സാന്നിധ്യത്തിലാണ് സഹായം നൽകിയത് .

# സെപ്റ്റംബർ സമ്മേളനം



ഇടവകയിലെ ലീജിയൻ ഓഫ് മേരിയുടെ നേതൃത്വത്തിൽ സെപ്തംബര് 30 നു സെപ്തംബര് സമ്മേളനം നടത്തി . രാവിലെ ദിവ്യബലിയും തുടർന്ന് ശ്രീ അൻസൻ അംഗങ്ങൾക്കായി ലീജിയൻ അംഗങ്ങൾ എങ്ങനെയായിരിക്കണം പ്രവർത്തിക്കേണ്ടത് എന്നതിനെ കുറിച്ച് ഒരു ക്ലാസ് നടത്തുകയുണ്ടായി . തുടർന്ന് നടന്ന സമ്മേളനത്തിൽ ഇടവക വികാരി ജോസ് ദിലീപ് അച്ചനും കോർഡിനേറ്റർ ജോളിമസും പങ്കെടുത്തു ആശസകൾ അർപ്പിച്ചു .

# ഓണം ആഘോഷിച്ചു



ഇടവകയിലെ അംഗങ്ങൾ എല്ലാവരും ഒന്ന് ചേർന്ന് ഈ വർഷത്തെ ഓണം ആഘോഷിച്ചു. കുട്ടികളും മുതിർന്നവരും ഒരുമിച്ചു ചേർന്ന് നടന്ന ഓണസദ്യ ഏവർക്കും ഒരുപോലെ ഹൃദ്യമായിരുന്നു .

# വിത്തും വളവും നൽകി





ഇടവകയിലെ ടി എസ് എസ് എസ് സമിതി സ്ത്രീകളിൽ അടുക്കള തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലേയ്ക്കും വിത്തും വളവും സൗജന്യമായി നൽകി.

# ലഹരിവിരുദ്ധ ദിനം ആചരിച്ചു



ഇടവകയിലെ ടി എസ് എസ് എസ് സമിതി ഭാഗമായ ചൈൽഡ് പാർലമെന്റ് ലഹരിവിരുദ്ധ ദിനം ആചരിച്ചു . കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം ഉൾകൊള്ളുന്ന പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിച്ച . തുടർന്ന് കുട്ടികൾക്കായി ലഹരിവിരുദ്ധ സന്ദേശം മത്സരം നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു .

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum